"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എ.ആർ 67/2011 - ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡിൽ നിന്നും അനുവദിച്ച തുക റീഫണ്ട് ചെയ്യുന്നതിനും, ബാലൻസ് തുക കക്ഷിയ്ക്ക് അനുവദിക്കുന്നതിനും പുതുക്കിയ ഭരണാനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1117/2025/LSGD തീയതി,തിരുവനന്തപുരം, 05-05-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം. 1333/2024/തസ്വഭവ തീയതി 22.07.2024
2. സ.ഉ.(സാധാ)നം. 8779/2024/ധന തീയതി 27.11.2024.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 09.10.2024 തീയതിയിലെ കെ15-342619/21 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി മ്യൂസിയം തമ്പാനൂർ ഓവർബ്രിഡ്ജ് റോഡ് വികസനത്തിനായി പൊന്നും വിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 67/2011 നമ്പർ കേസിൽ ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡിൽ നിന്നും അനുവദിച്ച 64,89,353/- രൂപ റീഫണ്ട് ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി ഉത്തരവായിരുന്നു. മാത്രമല്ല എൽ.എ.ആർ.67/2011-ൽ ബഹു. തിരുവനന്തപുരം സബ്കോടതി മുമ്പാകെ കക്ഷി ഫയൽ ചെയ്ത EP 502/2021 -ന്മേലുള്ള അടിയന്തിര സാഹചര്യം പരിഗണിച്ച് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർ ആവശ്യപ്പെട്ട ബാലൻസ് വിധിക്കടത്തുകയായ 4,53,261/- രൂപ "4217-60-800-93-Payment of Compensation in LAR Cases" എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവാകുകയും ചെയ്തു.

2) മുൻ സാമ്പത്തിക വർഷം ഉത്തരവായ മേൽ തുകകൾ കക്ഷിയ്ക്ക് റിലീസ് ചെയ്യുന്നതിനും റീഫണ്ട് ചെയ്യുന്നതിനും കഴിഞ്ഞിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ എൽ.എ.ആർ. 67/2011 നമ്പർ കേസിൽ, അടിയന്തിര സാഹചര്യം പരിഗണിച്ച് ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡായ "8674-00-101-99-Deposit of Decreetal Amount in Courts for staying Execution of Decrees" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച 64,89,353/- രൂപ (അറുപത്തിനാല് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി മുന്നൂറ്റി അൻപത്തി മൂന്ന് രൂപാ മാത്രം) റീഫണ്ട് ചെയ്യുന്നതിനും, എൽ.എ.ആർ.67/2011-ലെ ബാലൻസ് തുകയായ 4,53,261/- രൂപയും (നാല് ലക്ഷത്തി അൻപത്തിമൂവായിരത്തി ഇരുന്നൂറ്റി അറുപത്തിയൊന്ന് രൂപാ മാത്രം)

നടപ്പ സാമ്പത്തിക വർഷം "4217-60-800-93-Payment of compensation in LAR Cases" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനവകുപ്പ് (ഡെവ -3/104/2023-ധന (2423741), dated 06.05.2024)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 06-05-2025 16:39:31